തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Dr. Divya S Iyer IAS)

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–-കോടാശ്ശേരി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ബിജു.പി.പി എന്നയാളെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ .<LSGD/PD/15626/2026-GEA3>തീയതി:12-09-2026

പരാമർശം:

1) തൃശ്ശൂർ ജില്ലാ ജോയിൻറ് ഡയറക്ടറുടെ 27.02.2026 തീയതിയിലെ LSGD/JD/TSR/542/2026-A7 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടർ 27.04.2009 തീയതിയിൽ പ്രസിദ്ധീകരിച്ച 01.01.2003 മുതൽ 30.06.2008 വരെ നിയമനം ലഭിച്ച ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോരിറ്റി ലിസ്റ്റ്.
3) ഈ ഓഫീസിൽ നിന്നും 29.05.2026 തീയതിയിൽ നൽകിയ LSGD/PD/15626/2026-GEA3 നമ്പർ കത്ത്.
4) തൃശ്ശൂർ ജില്ലാ ജോയിൻറ് ഡയറക്ടറുടെ 03.08.2026 തീയതിയിലെ LSGD/JD/TSR/4128/2026-A6 നമ്പർ കത്ത്.
5) ഈ ഓഫീസിൽ നിന്നും 11.08.2026 തീയതിയിൽ നൽകിയ LSGD/PD/15626/2026-GEA3 നമ്പർ താത്കാലിക നോട്ടീസ്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കോടാശ്ശേരി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ബിജു.പി.പി എന്നയാളെ പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ ബിജു.പി.പി യെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി വിവരം ലഭ്യമാക്കുന്നതിനോ അല്ലാത്തപക്ഷം നടപടിക്രമം പാലിച്ച് ടിയാനെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി അന്തിമ ഉത്തരവ് തയ്യാറാക്കി അപേക്ഷ സമർപ്പിക്കുന്നതിനോ പരാമർശം (3) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. ആയത് പ്രകാരം ടിയാനെ ജില്ലാ തല സീനിയോറിറ്റി ലിസ്റ്റിൽ താത്ക്കാലികമായി ഉൾപ്പെടുത്തിയും, നോട്ടീസിൻ മേൽ ആക്ഷേപം ക്ഷണിച്ചും പരാമർശം (4) പ്രകാരം അന്തിമ ഉത്തരവ് തയ്യാറാക്കി ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ശ്രീ ബിജു.പി.പി എന്നയാളെ പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 1254- ശ്രീ രാജേഷ് സി.ഡി എന്നയാൾക്കും ക്രമ നമ്പർ 1255- ശ്രീ രാജേഷ്.കെ.ജെ എന്നയാൾക്കും ഇടയിലായി 1254A ആയി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് പരാമർശം (5) പ്രകാരം കരട് നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ടി കരട് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള ക്ലാർക്കുമാരുടെ സംസ്ഥാനതല സീനിയോറിറ്റി പട്ടികയിൽ ശ്രീ ബിജു പി.പി എന്നയാളെ ക്രമ നമ്പർ 1254- ശ്രീ രാജേഷ്.സി.ഡി

എന്നയാൾക്കും ക്രമനമ്പർ 1255- ശ്രീ രാജേഷ്.കെ.ജെ എന്നയാൾക്കും ഇടയിലായി 1254A ആയി ഉൾപ്പെടുത്തി ക്ലാർക്ക് തസ്തികയിലെ പ്രസ്തുത സീനിയോറിറ്റി പട്ടിക പുനർ ക്രമീകരിച്ച് ഉത്തരവാകുന്നു.

Dr. Divya S Iyer IAS
PRINCIPAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. സെക്രട്ടറി(കോടാശ്ശേരി ഗ്രാമപഞ്ചായത്ത്) (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. വ്യക്തിക്ക്(ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
4. പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ DEC സെക്ഷൻ
5. സിസ്റ്റം സൂപ്പർവൈസർ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Digitally signed by
DIVYA S IYER
Date: 12-09-2026
14:47:09